ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പൗരന്മാർ ആരോഗ്യവാന്മാരായിരിക്കുമ്പോൾ മാത്രമേ ശക്തവും സ്വാശ്രയവുമായ ഇന്ത്യ യാഥാർത്ഥ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**A strong and self-reliant India can be realized only when its citizens are healthy; says President Droupadi Murmu.**

2. ഭീകരതയ്ക്കുള്ള പിന്തുണ പാകിസ്ഥാൻ അവസാനിപ്പിക്കുന്നതുവരെ സിന്ധു നദീജല കരാർ നിർത്തിവയ്ക്കുമെന്ന് ആവർത്തിച്ച് ഇന്ത്യ.

**India says Indus Waters Treaty with Pakistan will remain in abeyance until Islamabad ends its support to terrorism.**

3. നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഭാഗമായി സംസ്ഥാനത്ത് മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

**Media Certification and Monitoring Committee begins functioning in the state for Assembly elections, says Chief Electoral Officer**

4. പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്രായേൽ-യുഎസ് സംയുക്ത സൈനിക നടപടിയിൽ ഇറാന് കനത്ത തിരിച്ചടിയുണ്ടായതായി ഇസ്രായേൽ.

**West Asia tensions intensify; Israel claims major setback inflicted on Iran in joint military action with United States**

5. രാജ്യത്തെ എണ്ണ ശുദ്ധീകരണശാലകൾ പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നതായും ആവശ്യത്തിന് പാചകവാതകം സംഭരിച്ചിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം.

**Petroleum Ministry says refineries operating at highest capacity; adequate LPG stocks available.**

6. വ്രതശുദ്ധിയുടെ നിറവിൽ ഇസ്ലാംമത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിച്ചു.

**Eid-ul-Fitr celebrated by Muslims across the country marking the end of fasting.**

**&&&&&&&&&&&&&&&&&&&&&&**

## FUR REV PREZ - ONCOLOGY BLOCK - (INTRO)

പൗരന്മാർ ആരോഗ്യവാന്മാരായിരിക്കുമ്പോൾ മാത്രമേ ശക്തവും സ്വാശ്രയവുമായ ഇന്ത്യ യാഥാർത്ഥ്യമാകൂ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തർപ്രദേശിലെ വൃന്ദാവനിൽ രാമകൃഷ്ണ മിഷൻ സേവാശ്രമ ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച നന്ദ് കിഷോർ സോമാനി ഓങ്കോളജി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ആരോഗ്യമേഖലയിലെ രാമകൃഷ്ണ മിഷൻറെ പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു.

(ഹോൾഡ് വോയ്സ്........)

വയോധികരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും പരിചരണത്തിനായി പ്രവർത്തിക്കുന്ന വാത്സല്യ ഗ്രാം ക്ഷേമ സംഘടന ശ്രീമതി മുർമു ഇന്ന് സന്ദർശിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി ഉത്തർപ്രദേശിൽ എത്തിയത്.

**&&&&&&&&&&&&&&&&&&&&&&**

## VP- MAHARASHTRA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ മഹാരാഷ്ട്രയിൽ എത്തും. നാഗ്പൂരിലെ മഹർഷി വ്യാസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന 29-ാമത് ഇന്ത്യൻ യൂത്ത് പാർലമെൻറ് ദേശീയ സെഷനിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന്, രത്തൻ ടാറ്റ മഹാരാഷ്ട്ര സ്റ്റേറ്റ് സ്കിൽസ് സർവ്വകലാശാലയിലെ ബിരുദ ദാന ചടങ്ങിലും 64-ാമത് ജൈന ദീക്ഷാ ചടങ്ങിലും പങ്കെടുക്കാൻ അദ്ദേഹം മുംബൈയിലേക്ക് തിരിക്കും.

**&&&&&&&&&&&&&&&&&&**

## INDIA-PAKISTAN WATERS (INTRO)

ഭീകരതയ്ക്കുള്ള പിന്തുണ പാകിസ്ഥാൻ അവസാനിപ്പിക്കുന്നതുവരെ സിന്ധു നദീജല കരാർ നിർത്തിവയ്ക്കുമെന്ന് ആവർത്തിച്ച് ഇന്ത്യ. കരാർ സംബന്ധിച്ച ആശങ്കകൾ ഉന്നയിക്കുന്നതിനുമുമ്പ് പാകിസ്ഥാൻ മനുഷ്യജീവന്റെ വില മനസിലാക്കണമെന്നും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് പറഞ്ഞു. പാകിസ്ഥാനെ ഭീകരതയുടെ ആഗോള പ്രഭവകേന്ദ്രമെന്നും അദ്ദേഹം വിശേഷിപ്പിച്ചു.

(ഹോൾഡ് വോയ്സ്.....)

**&&&&&&&&&&&&&&&&&&**

## MEITY- APPS BLOCKED

അനധികൃത ഓൺലൈൻ ഗെയിമിംഗ് തടയുന്നതിൻറെ ഭാഗമായി 300 നിയമവിരുദ്ധ ചൂതാട്ട, വാതുവെപ്പ് വെബ്സൈറ്റുകൾക്കും ആപ്പുകൾക്കും സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. ഓൺലൈൻ കാസിനോകൾ, ബെറ്റിങ് വെബ്സൈറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നതായി ഇലക്ട്രോണിക്സ്

ഐടി മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി. ഇതുവരെ എണ്ണായിരത്തിനാന്നൂറോളം വെബ്സൈറ്റുകൾ ബ്ലോക്ക് ചെയ്തിട്ടുണ്ടെന്നും അവർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## ELECTION KERALA

കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു. റംസാൻ ദിനമായ ഇന്ന് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്ഥാനാർത്ഥികൾ പള്ളികളും വീടുകളും സന്ദർശിച്ച് വോട്ട് അഭ്യർത്ഥിച്ചു. അതേസമയം നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ അവധിദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ തിങ്കളാഴ്ച വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. 24 നാണ് സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

**&&&&&&&&&&&&&&&&&&**

## RATHAN U KELKAR

കേരള നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഭാഗമായി മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ . പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദൃശ്യ-സമൂഹമാധ്യമങ്ങളിൽ നൽകുന്ന രാഷ്ട്രീയ പരസ്യങ്ങളുടെ സാക്ഷ്യപ്പെടുത്തൽ, പെയ്ഡ് വാർത്തകളുടെ നിരീക്ഷണം എന്നിവ സംസ്ഥാന തലത്തിൽ അഡീഷണൽ സി.ഇ.ഒ. അധ്യക്ഷനായ നാലംഗ കമ്മിറ്റി നിർവഹിക്കും. പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്, അംഗീകൃത രാഷ്ട്രീയ പാർട്ടികൾ മൂന്നുദിവസം മുമ്പും രജിസ്റ്റർ ചെയ്യാത്ത പാർട്ടികളും വ്യക്തികളും

ഏഴ് ദിവസം മുമ്പും അപേക്ഷകൾ സമർപ്പിക്കണം. അംഗീകാരം ലഭിക്കാത്ത പരസ്യങ്ങൾ നൽകുന്നത് പെരുമാറ്റച്ചട്ട ലംഘനമായി കണക്കാക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## S I R

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ തിങ്കളാഴ്ച വരെ സമയം. ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

**&&&&&&&&&&&&&&&&&&**

## EVE WEST ASIA-CONFLICT

പശ്ചിമേഷ്യയിൽ ഈദുൽ ഫിത്തർ, നൗറൂസ് ആഘോഷങ്ങൾക്കിടയിലും സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഊർജ്ജ മേഖലയിലെ പ്രധാന അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെയുള്ള വ്യാപകമായ ആക്രമണങ്ങൾ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇസ്രായേൽ ആക്രമണത്തിൽ ഇറാന്റെ ഇസ്‌ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് വക്താവ് അലി മുഹമ്മദ് നൈനി കൊല്ലപ്പെട്ടതായി ഇറാൻ സ്റ്റേറ്റ് ടിവി സ്ഥിരീകരിച്ചു. യുഎഇയിലും കുവൈറ്റിലും സൗദി അറേബ്യയിലും സംഘർഷം തുടരുകയാണ്. അതേസമയം ഇസ്രായേലിലെ ഹൈഫയിലുള്ള ഓയിൽ റിഫൈനറിക്ക് നേരെ ഇറാന്റെ മിസൈൽ ആക്രമണമുണ്ടായി. ലെബനനിൽ ഇസ്രായേൽ കരയുദ്ധം ശക്തമാക്കി.

**&&&&&&&&&&&&&&&&&&**

## INDIA - SAUDI ARABIA

ഈ മാസം 18-ന് റിയാദിൽ ഒരു ഇന്ത്യൻ പൗരൻ മരണപ്പെട്ടതിൽ സൗദി അറേബ്യയിലെ ഇന്ത്യൻ എംബസി അനുശോചനം രേഖപ്പെടുത്തി. മരിച്ച വ്യക്തിയുടെ കുടുംബവുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും സാധ്യമായ എല്ലാ സഹായങ്ങളും എത്തിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും എംബസി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## NETANYAHU IRAN

ഇസ്രായേൽ-യുഎസ് സംയുക്ത സൈനിക നടപടിയിൽ യുറേനിയം സമ്പുഷ്ടീകരണം, ഭൂഖണ്ഡാനന്തര മിസൈൽ നിർമ്മാണം എന്നിവയിൽ ഇറാന് കനത്ത തിരിച്ചടിയുണ്ടായതായി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ഇറാന്റെ വ്യോമപ്രതിരോധം, നാവിക ശേഷി എന്നിവയിലും കാര്യമായ ആഘാതം ഉണ്ടായതായി അദ്ദേഹം അവകാശപ്പെട്ടു.

**&&&&&&&&&&&&&&&&&&**

## WEST ASIA- DAILY BRIEF- INTRO

എല്ലാ എണ്ണ ശുദ്ധീകരണ ശാലകളും പരമാവധി ശേഷിയിലാണ് പ്രവർത്തിക്കുന്നത് എന്നും ആവശ്യത്തിന് പാചകവാതകം നിലവിൽ സംഭരിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ. കഴിഞ്ഞ ഒരു ആഴ്ചയ്ക്കിടെ 11 ആയിരത്തി 300 ടൺ വാണിജ്യ പാചകവാതകം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയതായി പെട്രോളിയം പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രിതല വിശദീകരണ യോഗത്തിൽ പങ്കെടുക്കയായിരുന്നു അവർ.

കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഒഴിവാക്കുന്നതിനായി നാലായിരത്തി അഞ്ഞൂറിലേറെ പരിശോധനകൾ രാജ്യത്ത് ഉടനീളം നടന്നതായും അവർ അറിയിച്ചു.

(ഹോൾഡ്- സുജാത ശർമ്മ)

രാജ്യത്ത് പ്രീമിയം പെട്രോൾ വിലയിൽ വർധന ഉണ്ടായതായി പറഞ്ഞ ജോയിന്റ് സെക്രട്ടറി സാധാരണ പെട്രോളിന്റെ വില കൂടിയിട്ടില്ല എന്നും വ്യക്തമാക്കി. കഴിഞ്ഞ 24 മണിക്കൂറിനിടെ സമുദ്ര പര്യവേക്ഷണ മേഖലയിൽ അനിഷ്ട സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് തുറമുഖ -ജലപാത മന്ത്രാലയ സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ അറിയിച്ചു. അർമേനിയ-അസർബൈജാൻ പാതയിലൂടെ 284 തീർഥാടകർ അടക്കം 913 പൗരന്മാരെ സുരക്ഷിതരായി തിരികെയെത്തിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## EID AL-FITR

ഒരുമാസക്കാലത്തെ വ്രതശുദ്ധിയുടെ നിറവിൽ കേരളം ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിച്ചു. സംസ്ഥാനത്തെ വിവിധ ഈദ്ഗാഹുകളിലും പള്ളികളിലുമായി രാവിലെ തന്നെ ആയിരക്കണക്കിന് വിശ്വാസികൾ പെരുന്നാൾ നമസ്കാരത്തിനായി ഒത്തുകൂടി. സാഹോദര്യത്തിൻറെയും സമാധാനത്തിൻറെയും സന്ദേശങ്ങൾ പങ്കുവെച്ചുകൊണ്ട് നടന്ന നമസ്കാരത്തിന് പ്രമുഖ പുരോഹിതർ നേതൃത്വം നൽകി. നമസ്കാരത്തിന് ശേഷം വിശ്വാസികൾ ഈദ് ആശംസകൾ കൈമാറി സന്തോഷം പങ്കിട്ടു.

&&&&&&&&&&&&&&&&&&

## IMD-KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം, സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

**&&&&&&&&&&&&&&&&&&**

## HOCKEY-IND-PAK

നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങൾക്കിടയിൽ, എഫ്.ഐ.എച്ച് പുരുഷ ഹോക്കി ലോകകപ്പിൽ ഇന്ത്യയുമായി മത്സരിക്കുന്ന കാര്യം സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും തീരുമാനിക്കുകയെന്ന് പാകിസ്ഥാൻ ഹോക്കി ഫെഡറേഷൻ. ഓഗസ്റ്റ് 15 മുതൽ 30 വരെ ബെൽജിയവും നെതർലൻഡ്സും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന 16 ടീമുകളുടെ ടൂർണമെന്റിൽ ഗ്രൂപ്പ് ഡി-യിലാണ് ഇന്ത്യയും പാകിസ്ഥാനും ഉൾപ്പെട്ടിരിക്കുന്നത്. ഓഗസ്റ്റ് 19-നാണ് ഇന്ത്യ- പാകിസ്ഥാൻ മത്സരം.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&&**
**&&&**